# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ -1929 15.07.2016 ൽ മറുപടിയ്ക്ക്

**കുളങ്ങൾ ഉപയോഗപ്രദമാക്കുന്നതിന് നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി. വീണാ ജോർജ്ജ് :** | | **മാത്യു.ടി.തോമസ്** (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലസംരക്ഷണത്തിന്റെ ഭാഗമായി കുളങ്ങൾ ശുദ്ധീകരിക്കുന്നതിന് പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; | (എ) | പുതിയ പദ്ധതികൾ ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | കുളങ്ങൾ കുഴിച്ച് ജലസംരക്ഷണം ഉറപ്പാക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; | (ബി) | നടന്നു വരുന്ന പദ്ധതി പൂർത്തീകരിച്ചതിനു ശേഷം അതിന്റെ കൂടി അനുഭവത്തിന്റെ പശ്ചാത്തലത്തിൽ പുതിയ പദ്ധതികളുടെ സാദ്ധ്യത പരിശോധിക്കുന്നതാണ്. |
| (സി) | കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളിലെ കുളങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്നുണ്ടോ; എങ്കിൽ ഇവ ഉപയോഗപ്രദമാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കും? | (സി) | ഉണ്ട്. മഴക്കാലത്ത് ലഭ്യമാകുന്ന അധികജലം സംഭരിച്ച് ജലലഭ്യത കുറഞ്ഞ സമയങ്ങളിൽ കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും ലഭ്യമാക്കുക, ഭൂഗർഭ ജലശോഷണം തടഞ്ഞ് ഭൂഗർഭ ജലവിതാനം ഉയർത്തുക, ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടെ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതനുസരിച്ച് 354 കുളങ്ങൾ നവീകരിക്കുന്നതിനായി 72.758 കോടി രൂപ അനുവദിച്ചു. ഇതിൽ 209 കുളങ്ങൾ പൂർത്തിയായി. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുളങ്ങൾ ഉപയോഗ പ്രദമാകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**